# കേന്ദ്രസാഹിത്യ അക്കാദമി: വനിതാ കവിസംഗമം 23ന്

Janmabhoomi 21.04.2022

തിരുവനന്തപുരം: ലോകപുസ്തക ദിനത്തോടനുബന്ധിച്ച് കേന്ദ്ര സാഹിത്യ അക്കാദമിയും തിരുവനന്തപുരം വൈഎംസിഎ യും സംയുക്തമായി സംഘടിപ്പിക്കുന്ന നാരി ചേതന വനിതാ കവിസംഗമം 23ന് വൈകിട്ട് 4ന് വൈഎംസിഎ കെ സി ഈപ്പൻ ഹാളിൽ നടക്കും. അക്കാദമി ഉപദേശക സമിതി അംഗങ്ങളായ ഡോ. കായംകുളം യൂനുസ്, ഡോ. അജയപുരം ജ്യോതിഷ്കുമാർ എന്നിവർ നേതൃത്വം കൊടുക്കുന്ന പരിപാടി മുൻവൈസ് ചാൻസലർ ഡോ. ജാൻസി ജെയിംസ് ഉദ്ഘാടനം ചെയ്യും. എം. സരോജത്തിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന സംഗമത്തിൽ മല്ലികാവേണുകുമാർ, ഷാമില ഷൂജ, ഫില്ലിസ് ജോസഫ്, രജനി മാധവിക്കുട്ടി, സുഭാഷിണി തങ്കച്ചി, ഷുഹാന നിസാം, കബനി ബി. ഗീത എന്നിവർ കവിത അവതരിപ്പിക്കും.